പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3195 — 19-06-2019-ൽ മറുപടിക്ക്

## സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണം

**ചോദ്യം** — ശ്രീ.പി.കെ. ശശി

**മറുപടി** — ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-2018, 2018-19 വർഷങ്ങളിൽ കൃഷിവകുപ്പ് മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ;

(എ) ഉണ്ട്. കൃഷി ഡയറക്ടറേറ്റ് മുഖേന അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്കീം | അനുവദിച്ച പദ്ധതികളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|---|
| 2016 -17 | ആർ.ഐ.ഡി.എഫ്. | 1 | 10.93 |
| 2017-18 | പി.എം.കെ. എസ്.വൈ, ആർ.ഐ. ഡി. എഫ്, എസ്.എച്ച്.എം, പ്ലാൻ ഫണ്ട്. | 11 | 118.81447 |
| 2018-19 | പിഎം.കെ. എസ്.വൈ, ആർ.ഐ.ഡി.എഫ്. | 8 | 63.48127 |

സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2016-17, 2017-18, 2018-19 വർഷങ്ങളിലായി കെ.എൽ.ഡി.സി മുഖേന RIDF-RKVY തുടങ്ങിയ സ്കീമുകളിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്കീം | അനുവദിച്ച പദ്ധതികൾ | ഭരണാനുമതി തുക (കോടി) |
|---|---|---|---|
| 2016-17 | RIDF XXII | 10 | 7.96 |
| 2017-18 | RKVY | 2 | 3.36 |
| 2018-19 | RIDF XXIV | 7 | 9.27 |
| | RKVY | 3 | 2.48 |

<table>
<tr>
<td></td>
<td></td>
<td></td>
<td>സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2016-17, സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിൽ നിന്നും 13-ാം ധനകാര്യ കമ്മിഷൻ അംഗീകാരത്തോടുകൂടിയുള്ള കുട്ടനാട് പാക്കേജിലെ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 263 ലക്ഷം രൂപ അനുവദിക്കുകയും ഈ തുകയ്ക്കുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.</td>
</tr>
<tr>
<td>(ബി)</td>
<td>നബാർഡിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?</td>
<td>(ബി)</td>
<td>കൃഷി ഡയറക്ടറേറ്റ് മുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><th>സ്കീം</th><th>അനുവദിച്ച പദ്ധതികൾ (എണ്ണം)</th><th>ഭരണാനുമതി തുക (ലക്ഷം)</th></tr>
<tr><td>ആർ.ഐ.ഡി.എഫ്</td><td>3</td><td>678.60</td></tr>
</table>
സംസ്ഥാനത്തെ കുളങ്ങൾ നവീകരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ നബാർഡിന്റെ സഹകരണത്തോടെ കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി വരുന്ന സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><th>സ്കീം</th><th>കുളങ്ങളുടെ എണ്ണം</th><th>ഭരണാനുമതി തുക (കോടി)</th></tr>
<tr><td>RIDF XIX</td><td>41</td><td>31.99</td></tr>
<tr><td>RIDF XX</td><td>33</td><td>20.65</td></tr>
<tr><td>RIDF XXI</td><td>19</td><td>19.76</td></tr>
<tr><td>RIDF XXII</td><td>10</td><td>7.96</td></tr>
<tr><td>RIDF XXIV</td><td>7</td><td>9.27</td></tr>
</table>
കൂടാതെ, നബാർഡ് RIDF XXV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്ന കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</td>
</tr>
</table>

| ക്രമ നം. | കുളങ്ങളുടെ പേര് | ജില്ല | എസ്റ്റിമേറ്റ് തുക (ലക്ഷം) |
|---|---|---|---|
| 1 | ആറാട്ട് കുളം, അറക്കുളം, പെരിക്കാട്ടുകുളം, ഉത്രത്തിക്കാവ് കുളം | പാലക്കാട് | 438.04 |
| 2 | തെറ്റിക്കാട്ട് ചിറ | കൊല്ലം | 48.41 |
| 3 | കൊതറക്കുളം, പോരടിക്കുളം, പുത്തൻകുളം | ആലപ്പുഴ | 154.12 |
| | | ആകെ | 640.57 |

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാലക്കാട് ജില്ലയിലെ 58 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 34.77 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി ആർ.ഐ.ഡി.എഫ് 23, 24 ഘട്ടങ്ങളിൽ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം അനുമതി നൽകാൻ സാധിച്ചിട്ടില്ല.

Jessy. K.K

സെക്ഷൻ ഓഫീസർ